പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4707

27/06/2014- ൽ മറുപടിക്ക്

## നഗരസഭകളുടെ കമ്പ്യൂട്ടറൈസേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ | ശ്രീ. മഞ്ഞളാംകുഴി അലി,<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ നഗരസഭകളുടെ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി മൈക്രോസോഫ്റ്റിൽ നിന്ന് ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങുന്നതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ട് ; | (എ) സംസ്ഥാനത്തെ നഗരസഭകളുടെ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി മൈക്രോസോഫ്റ്റിൽ നിന്ന് ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങുന്നതിനായി 2002-2007 കാലഘട്ടങ്ങളിൽ 15,34,382/-രൂപ ചെലവാക്കിയിട്ടുണ്ട്. |
| (ബി) ഇത്രയും ഉയർന്നതുക ഓപ്പറേറ്റിങ്ങ് സിസ്റ്റം വാങ്ങുന്നതിന് മുടക്കുന്നതിനു പകരം തികച്ചും സൗജന്യമായി ലഭിക്കുന്ന സ്വതന്ത്ര സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിന് നടപടി സ്വീകരിക്കുമോ ? | ബി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണം സാർവത്രികമായി വന്ന 2002 മുതലുള്ള കാലഘട്ടങ്ങളിൽ മൈക്രോസോഫ്റ്റിന്റെ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം മാത്രമാണ് നിലവിലുണ്ടായിരുന്നത്.മൈക്രോസോഫ്റ്റ് ഓരോ വർഷവും പുതിയ പുതിയ പതിപ്പുകൾ ഇറക്കി തുടങ്ങിയെങ്കിലും ആദ്യകാലം മുതൽ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്‌വെയറുകളാണ് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ളത്.എന്നാൽ നിലവിലുള്ള സോഫ്റ്റ്‌വെയറുകൾ ഘട്ടം ഘട്ടമായി സ്വതന്ത്ര സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിന് ഇതിനകം തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ